**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3067** **18-06-2019 ൽ മറുപടിക്ക്**

**സർക്കാർ ഭൂമി കയ്യേറ്റം**

**ചോദ്യം** **മറുപടി**

ശ്രീ.പി.കെ.ബഷീർ

ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് സർക്കാർഭൂമി കയ്യേറ്റം ഓരോ ജില്ലയിലും എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ ജില്ലയിലും തിരിച്ചുപിടിച്ച ഭൂമി എത്രയാണെന്ന് വിശദമാക്കാമോ;

(എ) സംസ്ഥാനത്ത് തിട്ടപ്പെടുത്തിയിട്ടുള്ള സർക്കാർ ഭൂമി കയ്യേറ്റങ്ങളുടെയും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കയ്യേറ്റം ഒഴിപ്പിച്ച് തിരിച്ചു പിടിച്ച ഭൂമിയുടെയും ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ പട്ടികയായി ചേർത്തിരിക്കുന്നു.

| **ജില്ല** | **കയ്യേറ്റം നിലവിലുള്ള സർക്കാർ ഭൂമി (ഹെക്ടറിൽ)** | **ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കയ്യേറ്റം ഒഴിപ്പിച്ചെടുത്ത ഭൂമി (ഹെക്ടറിൽ)** |
|---|---|---|
| തിരുവനന്തപുരം | 85.4052 | 4.7798 |
| കൊല്ലം | 29.7703 | 2.9117 |
| പത്തനംതിട്ട | 14.2811 | 3.1142 |
| ആലപ്പുഴ | 24.6300 | 5.1546 |
| കോട്ടയം | 13.9006 | 1.3457 |
| ഇടുക്കി | 343.2489 | 179.6952 |
| എറണാകുളം | 16.5254 | 5.9259 |
| തൃശ്ശൂർ | 39.6138 | 6.3055 |
| പാലക്കാട് | 23.9122 | 4.6060 |
| മലപ്പുറം | 7.0448 | 3.0831 |
| കോഴിക്കോട് | 22.6872 | 0.4215 |
| വയനാട് | 44.8030 | 1.6381 |
| കണ്ണൂർ | 5.3455 | 0.0664 |
| കാസർഗോഡ് | 17.9625 | 2.3860 |
| **ആകെ** | **689.1305** | **221.4337** |

(ബി) കയ്യേറ്റക്കാരുടെ കൈവശം ഇനിയും ബാക്കിയുള്ള ഭൂമി തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 1957 ലെ കേരള ഭൂസംരക്ഷണ നിയമവും, 1958-ലെ ചട്ടങ്ങൾ പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും, 2009 ലെ കേരള ഭൂസംരക്ഷണ നിയമം ഭേദഗതി പ്രകാരമുള്ള ശിക്ഷാ നടപടികളും സ്വീകരിച്ചു വരുന്നു. കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീമുകൾ സ്ഥല പരിശോധന ഉൾപ്പെടെ നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ അതാത് വകുപ്പിന്റെ കയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ഇതു സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ ജി.ഒ (ആർ.റ്റി) നം. 3778/18/റവ തീയതി 10.09.2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇതിൽ കോടതി വ്യവഹാരങ്ങളാൽ നടപടികളിൽ കാലതാമസം നേരിടുന്നവ ഏതെല്ലാമാണ്?

(സി) ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്ത കയ്യേറ്റങ്ങളിൽ നിലവിലുള്ള കോടതി കേസുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 195 |
| 2 | കൊല്ലം | 65 |
| 3 | പത്തനംതിട്ട | 93 |
| 4 | ആലപ്പുഴ | 12 |
| 5 | കോട്ടയം | 14 |
| 6 | ഇടുക്കി | 43 |
| 7 | എറണാകുളം | 39 |
| 8 | തൃശ്ശൂർ | 22 |
| 9 | പാലക്കാട് | 59 |
| 10 | മലപ്പുറം | 15 |
| 11 | കോഴിക്കോട് | 16 |
| 12 | വയനാട് | 04 |
| 13 | കണ്ണൂർ | 06 |
| 14 | കാസർഗോഡ് | 02 |
| | **ആകെ** | **585** |

**സെക്ഷൻ ഓഫീസർ**